# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. ∗ 213 | 01.04.2013–ലെ മറുപടിക്ക്

## ആരോഗ്യ സർവ്വകലാശാല

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :

(എ) ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നശേഷം ആരോഗ്യ പഠന മേഖലയിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നു വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദവിവരം നൽകുമോ ;

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യമേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിരുന്ന സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആധുനിക വൈദ്യ ശാസ്ത്രം, ദന്തൽ, ആയുർവേദം, ഹോമിയോ, സിദ്ധ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ കോഴ്സുകളിൽ ബിരുദ–ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന 239 സ്ഥാപനങ്ങൾ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 2010 – 11 മുതലുള്ള പ്രവേശനവും 2010 – 11 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാദമിക് കാര്യങ്ങളും ആരോഗ്യസർവ്വകലാശാലയാണ് കൈകാര്യം ചെയ്യുന്നത്. 8 ഫാക്കൽറ്റികളിലായി ഏകദേശം 48,000 ത്തോളം വിദ്യാർത്ഥികൾ ആരോഗ്യസർവ്വകലാശാലയ്ക്ക് കീഴിലായി പഠനം നടത്തിവരുന്നു . കേരള ആരോഗ്യ സർവ്വകലാശാല നിലവിൽ

(മറുപുറം)

വന്നതിനുശേഷം മെഡിക്കൽ അനുബന്ധ കോഴ്സുകളെല്ലാം തന്നെ ഒരു സർവ്വകലാശാലയ്ക്ക്  കീഴിൽ കൊണ്ടുവന്നതിനാൽ ഈ മേഖലയിലെ എല്ലാ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ നൽകാൻ സാധിച്ചിട്ടുണ്ട് എന്നുള്ളതാണ്  ഏറ്റവും സുപ്രധാനമായ നേട്ടം. ഓരോ കോഴ്സുകളിലേക്കും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ഓരോന്നും സർവ്വകലാശാല പരിശോധിക്കുകയും വിദ്യാർത്ഥികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആരോഗ്യ സർവ്വകലാശാലയ്ക്കു കീഴിലുള്ള മുഴുവൻ കോളേജുകളിലും നിശ്ചിത ഇടവേളകളിൽ സർവ്വകലാശാല പരിശോധനകളും മിന്നൽ പരിശോധനകളും നടത്തിവരുന്നുണ്ട്. പ്രസ്തുത പരിശോധനകളുടെ ഫലം സർവ്വകലാശാല പരിശോധിക്കുകയും ന്യൂനതകൾ ഉണ്ടെങ്കിൽ ആയവ പരിഹരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്  നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ മേഖലകളിലുമുള്ള കോളേജ് അധികൃതരുടെ യോഗങ്ങൾ സർവ്വകലാശാല സംഘടിപ്പിക്കാറുണ്ട്. ഇത്തരം യോഗങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത്  വരുത്തേണ്ട ഗുണപരമായ മാറ്റങ്ങളെക്കുറിച്ച്  ചർച്ച ചെയ്യുകയും പദ്ധതികൾ രൂപീകരിക്കുകയും ചെയ്യാറുണ്ട്.

അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലടക്കം വിദ്യാഭ്യാസ രംഗത്തെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന പദ്ധതികളും ശില്പശാലകളും സർവ്വകലാശാല സംഘടിപ്പാക്കാറുണ്ട്. മറ്റ്  സർവ്വകലാശാലകളിൽ നിന്നും

(മറുപുറം)

വിഭിന്നമായി ആധുനിക വിവര സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ബാർ കോഡ് ചെയ്യപ്പെട്ട ഉത്തരക്കടലാസുകൾ ചോദ്യ പേപ്പറുകൾ ഓൺലൈൻ ട്രാൻസ്മിഷൻ എന്നിവ ഉൾപ്പെടെ പരീക്ഷാ സമ്പ്രദായം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലയിലുണ്ടായ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് ഔദ്യോഗികമായി വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(ബി) നൂതന വൈദ്യശാസ്ത്ര മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളിൽ നമ്മുടെ പങ്കാളിത്തം ഉറപ്പാക്കാൻ ആരോഗ്യ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഗവേഷണ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്നത് സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഗവേഷണ മേഖലയിൽ തൽപ്പരരായ അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് 12 റിസർച്ച് മെത്തഡോളജി പരിശീലന പദ്ധതികൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്. ഇതേ രീതിയിൽ ഗവേഷണ പദ്ധതിയുടെ ഭാഗമായി കാര്യക്ഷമമായി ഡിസർട്ടേഷനുകൾ (Dissertation) തയ്യാറാക്കുന്നതിനായി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പരിശീലന പദ്ധതികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിന് വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനായി ഐ.സി.എം.ആർ (ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്) മായി സഹകരിച്ച് സർവ്വകലാശാല ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഗവേഷണങ്ങളിലെ രചനാരീതികളെ ആസ്പദമാക്കി ബ്രിട്ടീഷ് മെഡിക്കൽ ജേർണലുമായി സഹകരിച്ച് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. വൈദ്യശാസ്ത്ര നിയമ മേഖലയിൽ കൂടുതൽ ആഴമേറിയ പഠനങ്ങൾക്കായി കൊച്ചി ആസ്ഥാനമായിട്ടുള്ള നാഷണൽ

(മറുപുറം)

യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസുമായി സർവ്വകലാശാല ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലെ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾക്കായി കിലയുമായും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) ഭാരതത്തിന്റെ തനതു ചികിത്സാ രീതികളുടെ പ്രോത്സാഹനത്തിനും, ആരോഗ്യ പഠന രംഗത്ത് ഒരു ഹോളിസ്റ്റിക് സമീപനം പരീക്ഷിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ ?

(സി) മെഡിക്കൽ അനുബന്ധ മേഖലകൾക്ക് നൽകി വരുന്ന അതേ പ്രാധാന്യം ഭാരതത്തിന്റെ തനതുചികിത്സാ സമ്പ്രദായങ്ങളായ ആയുർവ്വേദം, സിദ്ധ, യുനാനി മേഖലകൾക്കും നൽകി വരുന്നുണ്ട്. ഈ മേഖലകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന പരിപാടികൾ നൽകുന്നുണ്ട്. ചികിത്സാ രംഗത്ത് ഹോളിസ്റ്റിക്ക് സമീപനം നൽകുന്നതിന്റെ ഭാഗമായി സർവ്വകലാശാലയുടെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള അലോപ്പതി വിഭാഗം നിലനിർത്തിക്കൊണ്ട് തന്നെ ഹോമിയോപ്പതി, ആയുർവ്വേദ വിഭാഗങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഗവേഷണ പ്രവർത്തനങ്ങളിൽ എല്ലാ മേഖലകളേയും സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലീ ജന്യ രോഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തുവാനും സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ